# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .5061

06.02.2014-ൽ മറുപടിയ്ക്ക്

**<u>പരവൂർ-തെക്കുംഭാഗം ഫിഷിംഗ് ഹാർബർ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ജി. എസ്. ജയലാൽ** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കൊല്ലം ജില്ലയിൽ പരവൂർ തെക്കും ഭാഗത്ത് ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് എന്നാണ് തുടക്കമിട്ടതെന്നും ഈ ആവശ്യത്തിലേക്ക് എത്ര രൂപാ വിനിയോഗിക്കുവാൻ അനുമതി നൽകിയെന്നും അറിയിക്കുമോ ; | (എ) | കൊല്ലം ജില്ലയിൽ സൗത്ത് പരവൂർ തെക്കും ഭാഗത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് 2012 – ജൂൺ മാസത്തിലാണ് തുടക്കമിട്ടത്. ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി G.O(Rt.)No.257/2013 /F&PD തീയതി, 30/03/2013 പ്രകാരം 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാദ്ധ്യതാ പഠന റിപ്പോർട്ട് നൽകുവാൻ തീരുമാനിച്ചിട്ടുള്ള സമയപരിധി, പ്രവർത്തനത്തിന്റെ പുരോഗതി എന്നിവ അറിയിക്കുമോ ; | (ബി) | ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷനോടനുബന്ധിച്ചുള്ള ഡാറ്റാ ശേഖരണം പൂർത്തീകരിച്ച് ലേഔട്ട് സഹിതം CWPRS, Pune – യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പഠനത്തിന് ആവശ്യമായ കോസ്റ്റ് എസ്റ്റിമേറ്റ്, CWPRS -ൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തുക മുൻകൂറായി പഠന കേന്ദ്രത്തിന് നൽകേണ്ടതുണ്ട്. പഠനത്തിന് ആവശ്യമായ തുക ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്കുള്ള 4405-00-104-83 Investigation of New Fishery Harbour -ൽ ലഭ്യമാക്കേണ്ടതുണ്ട്. കോസ്റ്റ് എസ്റ്റിമേറ്റ്, CWPRS -ൽ നിന്നും ലഭിച്ചാൽ മാത്രമേ മാതൃകാ പഠനത്തിനുള്ള സമയ പരിധി അറിയുവാൻ കഴിയുകയുള്ളൂ. പ്രസ്തുത സ്ഥാപനം വിശദമായ മാതൃകാപഠനം നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നിർദ്ദിഷ്ട ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ നില വിലു ണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) | സൗത്ത് പരവൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (ഡി) | പ്രാഥമിക പ്രവർ ത്തനങ്ങൾ ആരംഭി ച്ചുവെങ്കിലും ഫിഷിംഗ് ഹാർബർ പ്രാവർ ത്തികമാക്കുവാൻ കഴി യാ ത്ത സാഹചര്യം പരിഗണി ച്ച് എത്രയുംവേഗം ഫിഷിംഗ് ഹാർ ബർ നിർമ്മാണം ആരംഭിക്കു വാൻ നടപടി സ്വീകരിക്കുമോ; വിശ ദാംശം ലഭ്യമാക്കുമോ ? | (ഡി) | പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് CWPRS, Pune – യ്ക്ക് മാതൃകാ പഠനം നടത്തുന്നതിനായി നൽകിയിട്ടുണ്ട്. മാതൃകാ പഠന റിപ്പോർട്ട് ലഭിച്ച ശേഷമേ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായുള്ള പരിസ്ഥിതി പഠനം നടത്തി, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിയ്ക്കാൻ സാധിക്കുകയുള്ളൂ. ആയതിന്റെ അംഗീകാരം, പ്രോജക്ട് റിപ്പോർട്ടിനുള്ള കേന്ദ്ര അംഗീകാരം എന്നിവ ലഭിച്ച ശേഷം മാത്രമേ ഹാർബർ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**